(ബി) ഈ ഇനത്തിൽ എത്ര ഭവനങ്ങൾ പ്രതിവർഷം നിർമ്മിച്ചു കൊടുക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(സി) തീരപ്രദേശത്തു മൽസ്യത്തൊഴിലാളികൾക്ക് വേണ്ടി നിർമ്മിച്ചുകൊടുക്കുന്നതിന് വേണ്ടി സമഗ്രമായ ഒരു പദ്ധതി ഗവൺമെൻറ് രൂപവൽക്കരിച്ച് നടപ്പിലാക്കുമോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ):

(എ) കടലോരപ്രദേശത്തു അധിവസിക്കുന്ന മൽസ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് 2 സെൻറുവീതം സ്ഥലത്ത് 3000 രൂപാ വിലവരുന്ന വീടുകൾ കെട്ടികൊടുക്കാനുള്ള ഒരു പദ്ധതി ഫിഷറീസ് വകുപ്പിൽ ഇപ്പോൾ നിലവിലുണ്ട്.

(ബി) അങ്ങിനെ ക്യിപ്തമായി എണ്ണം നിശ്ചയിച്ചിട്ടില്ല.

(സി) ഇതിനുവേണ്ട സത്വരനടപടികൾ സ്വീകരിച്ചു വരികയാണ്. വളരെയധികം സാമ്പത്തിക ബാധ്യതയുള്ള ഒരു പദ്ധതിയാകയാൽ കേന്ദ്രഗവൺമെൻറിൽനിന്നും ധനസഹായത്തിനു അപേക്ഷിച്ചിട്ടുണ്ട്.

പേഴ്സണൽ സ്റ്റാഫിൽനിന്നുള്ള നിയമനം

* 182 (70) ശ്രീ. ഇ. ടി. കുഞ്ഞൻ,
,, എം. കെ. എ. ഹമീദ്,
,, വി. എസ്. അച്യുതാനന്ദൻ,
,, ബി. വെല്ലിംഗ്ടൺ,
,, ടി. കെ. രാമകൃഷ്ണൻ,
,, വി. വി. ദക്ഷിണാമൂർത്തി,
,, എ. എസ്. എൻ. നമ്പീശൻ,
,, ഈ വി. കുമാരൻ,
,, ഈ. കെ. ഇമ്പിച്ചിബാവ,
,, എം. കെ. കൃഷ്ണൻ,
,, സി. കണ്ണൻ,
,, എം. കെ. കേളു,
,, എസ്. ദാമോദരൻ,
,, കെ. ഐ. രാജൻ,
,, സി. ഗോവിന്ദപ്പണിക്കർ,
,, പി. പി. കൃഷ്ണൻ,
,, ആർ. കൃഷ്ണൻ (പാലക്കാട്),
,, ടി. എം. മീതിയൻ,
,, എ. വി. ആര്യൻ,
,, സി. ബി. ചന്ദ്രശേഖരവാര്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ആർക്കെങ്കിലും സംസ്ഥാന ഗവൺമെൻറിൻെറ കീഴിലോ, സംസ്ഥാനഗവൺമെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിലോ ജോലി കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിൻെറയും പേരു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽനിന്ന് ആർക്കും അപ്രകാരം ജോലി കൊടുത്തിട്ടില്ല.

ഇറിഗേഷനും കൃഷിയും വകുപ്പു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ പ്യൂൺ ആയിരുന്ന ശ്രീ. എം. ഗോപാലകൃഷ്ണനെ കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ്സിൽ പ്യൂൺ ആയി ജോലികിട്ടുകയും അയാളെ ആവശ്യപ്പെട്ടതനുസരിച്ച് 8-1-70 ൽ പേഴ്സണൽ സ്റ്റാഫിൽ നിന്നു പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

എണ്ണപ്പന കൃഷി

* 183 (705) ശ്രീ. കെ. പുരുഷോത്തമൻപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവുംമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്ലാൻേറഷൻ കോർപ്പറേഷൻെറ കീഴിൽ സംസ്ഥാനത്ത് എവിടെയെങ്കിലും എണ്ണപ്പന കൃഷിചെയ്യാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ, എത്ര ഏക്കർ?

കൃഷിയും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. ഒ. കോരൻ):

(എ) എണ്ണപ്പന കൃഷിചെയ്യാൻ പദ്ധതിയുണ്ട് പ്ലാൻേറഷൻ കോർപ്പറേഷൻ വഴിയാണോ കൃഷി നടത്തേണ്ടതു് എന്നു തീരുമാനിച്ചിട്ടില്ല

(ബി) കൊല്ലം ജില്ലയിൽ അഞ്ചൽ റിസർവ്വ് ഫാറസ്റ്റിൽ 500 ഏക്കർ സ്ഥലത്ത്.

ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ പ്രസ്താവന

* 184 (706) ശ്രീ. പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സത്യസന്ധവും മാന്യവുമായ മാർഗ്ഗങ്ങളിലൂടെയുള്ള ഭൂരിപക്ഷമല്ല കേരള മുഖ്യമന്ത്രി അച്യുതമേനോനെ നിയമസഭയിൽ ഉള്ളതെന്ന് മുൻ മുഖ്യമന്ത്രി ഇ. എം. എസ്. നമ്പൂതിരിപ്പാട് ഡെൽഹിയിൽവച്ച് പ്രസ്താവിച്ചത് 20-1-1970-ലെ കേരളകൗമുദിയിൽ റിപ്പോർട്ട് ചെയ്തത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് നിഷേധിക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഉണ്ട്.

(ബി) പത്രത്തിൽ റിപ്പോർട്ടു ചെയ്തത് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ വ്യക്തിപരമായ അഭിപ്രായമായിരിക്കാം. ഇപ്രകാരമുള്ള പ്രസ്താവനകളെല്ലാം നിഷേധിക്കേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly